# കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃക്കാക്കര നഗരസഭ - നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി 15 പേരെ ദിവസക്കൂലി അടിസ്ഥാനത്തിൽ മൂന്ന് മാസക്കാലത്തേയ്ക്ക് താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1710/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 08.06.2015

=====================================================================

**പരാമർശം :** 1) 18.03.2015-ലെ സ.ഉ. (സാധാ) നം. 766/2015/തസ്വഭവ.

2) തൃക്കാക്കര നഗരസഭാ കൗൺസിലിന്റെ 08.01.2015-ലെ 7-ാം നമ്പർ തീരുമാനം.

2) തൃക്കാക്കര നഗരസഭാ ചെയർമാന്റെ 28.05.2015-ലെ അപേക്ഷ.

## ഉത്തരവ്

തൃക്കാക്കര നഗരസഭാ കൗൺസിൽ തീരുമാനം പരിഗണിച്ച് നികുതി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി പരാമർശം (1) പ്രകാരം 15 പേരെ ദിവസക്കൂലി അടിസ്ഥാനത്തിൽ മൂന്ന് മാസക്കാലയളവിലേയ്ക്ക് താൽക്കാലികമായി നിയമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നികുതി കുടിശ്ശിക മുഴുവനും ടി കാലയളവിൽ പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ലായെന്നും, നമ്പറിംഗ് പ്രവൃത്തികൾ പകുതിപോലും പൂർത്തീകരിക്കാത്ത അവസ്ഥയിലാണെന്നും തൃക്കാക്കര പഞ്ചായത്ത് നഗരസഭയായതിനു ശേഷം നിലവിൽ വന്ന 43 വാർഡുകളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള അസ്സസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, ഹാൻഡ് ബുക്കുകൾ എന്നിവ ജീവനക്കാരുടെ കുറവു മൂലം തയ്യാറാക്കാൻ സാധിച്ചിട്ടില്ലായെന്നും ആയതിനാൽ ടി ജീവനക്കാരുടെ സേവനം ദീർഘിപ്പിച്ച് ലഭിക്കുകയാണെങ്കിൽ മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സാധിക്കുന്നതാണെന്നും ആയതിനാൽ പരാമർശം (1) പ്രകാരം നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരുടെ സേവന കാലാവധി ആറു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം തൃക്കാക്കര നഗരസഭാ ചെയർമാൻ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃക്കാക്കര നഗരസഭാ കൗൺസിൽ തീരുമാനം പരിഗണിച്ച് പരാമർശം (1) പ്രകാരം നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരുടെ സേവനം 3 മാസത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. താൽക്കാലിക ജീവനക്കാരുടെ നിയമനം

സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം പ്രസ്തുത നിയമനങ്ങൾ. മേൽപ്പറഞ്ഞ തൊഴിലാളികളെ കാലാവധി തീരുന്ന മുറയ്ക്ക് വിടേണ്ടതുമാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**

**ആർ. ഷാജീന്ദ്രൻ പിള്ള,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, തൃക്കാക്കര നഗരസഭ.
ചെയർമാൻ, തൃക്കാക്കര നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**